(ഇ) ഖരമാലിന്യങ്ങൾ കത്തിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)&(ജി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ഒരു സ്ഥലത്തുവച്ചും കത്തിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) പൊതുജനങ്ങളിൽനിന്നും പരാതി ലഭിക്കുന്ന കേസ്സുകളിൽ പരാതി കിട്ടുന്നമുറയ്ക്ക് നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

348 (1541) മാലിന്യ സംസ്ക്കരണം

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ മാലിന്യ സംസ്ക്കരണത്തിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പട്ടണങ്ങളിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഖര മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഖരമാലിന്യത്തിൽനിന്ന് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് എക്സെൽ ടെക്നോളജി അനുസരിച്ചുള്ള ഒരു പ്ലാന്റ് കോഴിക്കോട് നഗരസഭ സ്ഥാപിച്ചുവരുന്നു. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഖരമാലിന്യത്തിൽനിന്ന് ജൈവവളം നിർമ്മിക്കാനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൊച്ചി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ നഗരസഭകളും സ്വീകരിച്ചിട്ടുണ്ട്. ജർമ്മൻ സഹായത്തോടെ ഖരമാലിന്യത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്. മാലിന്യ സംസ്ക്കരണത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം തേടുന്നതിനുള്ള ഒരു നിർദ്ദേശവും സജീവ പരിഗണനയിലുണ്ട്. കൂടാതെ കുറഞ്ഞ അളവിൽ മാലിന്യസംസ്ക്കരണം നടത്തി ജൈവവളം ഉൽപ്പാദിപ്പിക്കാനുള്ള പ്ലാന്റ് കൊടുങ്ങല്ലൂരിലെ മെ. സേഫ്മോട്ടോഴ്സ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗുരുവായൂർ നഗരസഭയിൽ സ്ഥാപിച്ചുവരുന്ന ഈ പ്ലാന്റിന്റെ പ്രവർത്തനം ബോദ്ധ്യപ്പെട്ടതിനുശേഷം കൂത്തുപ്പറമ്പ്, തളിപ്പറമ്പ്, ചാവക്കാട്, വടകര, വർക്കല, മട്ടന്നൂർ കൊയിലാണ്ടി എന്നീ നഗരസഭകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മാലിന്യ സംസ്ക്കരണത്തിന് നഗരസഭകൾ തയ്യാറാക്കുന്ന പദ്ധതി 1997-98 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം 1997-98 ൽ 60 ലക്ഷം രൂപയും 1998-99-ൽ 100 ലക്ഷം രൂപയും നഗരസഭകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിന് പുറമെ നഗരങ്ങൾക്ക് ഈ ആവശ്യത്തിന് പലിശ സബ്സിഡിയോടുകൂടി വായ്പ സ്വരൂപിക്കുന്നതിന് കേരള

LIBRARY ARCHIVES Kerala Legislative Assembly

നഗരവികസന ധനകാര്യ കോർപ്പറേഷന് 1.21 കോടി രൂപ സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട്.

349 (1542) പച്ചക്കറി വിത്തുൽപ്പാദനം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചതിനുശേഷം വാമനപുരം ബ്ലോക്കു പഞ്ചായത്തിൽനിന്നും പച്ചക്കറി വിത്ത് ഉൽപ്പാദിപ്പിക്കുന്നതിനായി ആർക്കെല്ലാം സഹായധനം നൽകിയിട്ടുണ്ട്;

(ബി) ഓരോ ഘട്ടത്തിലും ഇവർക്ക് എന്തു തുകവീതം ഇപ്രകാരം നൽകി;

(സി) ഈ തുക കൈപ്പറ്റിയവർ ഏതെല്ലാം ഇനത്തിൽപ്പെട്ട പച്ചക്കറികളുടെ എത്ര വിത്തുകൾവീതം ബ്ലോക്കു പഞ്ചായത്തിനു നൽകിയെന്നു വ്യക്തമാക്കുമോ;

(ഡി) ഈ വിത്ത് അവർ സ്വയം ഉൽപ്പാദിപ്പിച്ചതാണോ അതോ മറ്റു സ്ഥലങ്ങളിൽനിന്നും സംഭരിച്ചതാണോ;

(ഇ) ഇവർക്ക് വിത്ത് ഉൽപ്പാദനം പരിപോഷിപ്പിക്കുന്നതിനായി എന്തു തുക നൽകിയിട്ടുണ്ട്;

(എഫ്) ഇതിന്റെ ഫലമായി എത്രമാത്രം കൂടുതൽ പച്ചക്കറിവിത്ത് വാമനാപുരം ബ്ലോക്ക് പഞ്ചായത്തിന് നൽകാൻ കഴിഞ്ഞു;

(ജി) ഇവർ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിന് പച്ചക്കറി വിത്ത് നൽകാത്തപക്ഷം ഇവർക്ക് കൊടുത്ത തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചുവരുന്നു.

350 (1543) പച്ചക്കറി വിത്തുകൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിപ്രകാരം പച്ചക്കറിക്കൃഷി ചെയ്യുന്നതിന് ഓരോ വർഷവും വിവിധ ഇനത്തിൽപ്പെടുന്ന എന്തു വിലയ്ക്കുള്ള എത്ര കിലോ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിച്ചത് ആരാണ്?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly